ഉത്തരം

(എ) ഉണ്ട്.

(ബി) മുതൽ (ഡി) വരെ ഐഡന്റിറ്റി കാർഡ് നിർബന്ധമാക്കിക്കൊണ്ട് അഴിമതി തടയാൻ കഴിയുമെന്ന് തോന്നുന്നില്ല. എന്നാൽ ഭരണ നവീകരണ പരിപാടികളുടെ ഈ കാലഘട്ടത്തിൽ ജീവനക്കാർക്ക് ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്നത് ആശാസ്യമായിരിക്കുമെന്ന് കരുതുന്നു. സാമ്പത്തിക ബാധ്യത കണക്കിലെടുത്ത് ജീവനക്കാർക്ക് ഘട്ടം ഘട്ടമായി ഐഡന്റിറ്റി കാർഡ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

ശമ്പള പരിഷ്ക്കരണ കമ്മീഷൻ നിയമനം

12 [1527] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :

,, കെ. എ. ചന്ദ്രൻ:

പ്രൊഫ. എ. ഡി. മുസ്തഫ:

ശ്രീ. എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികൾ ആരംഭിക്കണമെന്ന് അവരുടെ ഏതെല്ലാം സംഘടനകൾ ആവശ്യപ്പെട്ടിരുന്നു ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും മിക്കവാറും എല്ലാ സംഘടനകളും ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി

13 [1528] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പുതിയ ശമ്പള പരിഷ്കരണ കമ്മീഷൻ എന്നു നിലവിൽ വരും;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(സി) കമ്മീഷൻ എത്ര കാലാവധിക്കുള്ളിൽ റിപ്പോർട്ട് നൽകണമെന്നാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകാൻ തീരുമാനം കൈക്കൊള്ളുമോ;

(ഇ) സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്താനുള്ള തീരുമാനം എന്നു മുതൽ നിലവിൽ വരും ?

ഉത്തരം

(എ-ഡി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് ശമ്പള കമ്മീഷനെ നിയമിക്കുന്ന കാര്യത്തിലും അതിനോടനുബന്ധിച്ചുള്ള വിഷയങ്ങളിലും സർക്കാർ തീരുമാനം ഉടനെ ഉണ്ടാകുന്നതാണ്.

(ഇ) ഇക്കാര്യം സംബന്ധിച്ചുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

ഭരണ നവീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

14 [1529] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്ക്:
ശ്രീ. രാജു എബ്രഹാം:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഭരണ നവീകരണ പദ്ധതിയും, അതിവേഗ സേവന പ്രദാന പദ്ധതിയും, ഏതെല്ലാം വകുപ്പുകളിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 2004-05 വർഷത്തിൽ വിവിധ സേവന വകുപ്പുകളുടെ കീഴിലുള്ള എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; ഇതിൽ എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി;

(ഇ) ഇതിനായി 2004-05-ലെ ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിരുന്നു; ഇതിൽ എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

(എ) സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചതാണ് ഭരണ നവീകരണ പരിപാടി. സർക്കാർ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സേവനം സജീവവും കാര്യക്ഷമവും ഉത്തരവാദിത്വപൂർണ്ണവും വ്യാപകവുമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ഊന്നൽ നൽകുന്നത്. പത്താം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ നവീകരണം ഉപകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly